16/1/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1549(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13556/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ജനുവരി 12**

ശ്രീ. ബിനീഷ് പി.കെ.,
പാലളം ഹൗസ്,
കരിമ്പ പി.ഒ.,
പാലക്കാട് - 678 597. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ് ക്ലാർക്ക്,
കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസ്,
കരിമ്പ പി.ഒ., പാലക്കാട് - 678 597.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.,
കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസ്,
കരിമ്പ പി.ഒ., പാലക്കാട് - 678 597.
3) അപ്പീൽ അധികാരി & പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-4,
തേങ്കര പി.ഒ., മണ്ണാർക്കാട് - 678 582.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 20/06/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/07/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 26/08/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/09/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/10/2022 |
| ഹിയറിംഗ് നടന്ന തീയതി | 11/01/2023 ആഡിയോ/വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. ബിനേഷ് പി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക്

സമയബന്ധിതമായി മറുപടി നൽകിയില്ല എന്നും മറ്റുമാണ്. ആയതിനാൽ സമയബന്ധിതമായി വിവരം നൽകാത്ത എസ്.പി.ഐ.ഒ.യ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകണമെന്നുമാണ്.

2. 05.05.2022 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. Home address of members (20 members) & Chairman Shri.K.Mohandas of working group structure Sl.No. 5 i.e. PWD Section (including Energy & Electricity) of Karimba Grama Panchayat be provided.

ii. Total fund expended for PWD Section of Karimb Grama Panchayat for the FY 2021-2022 be intimated.

iii. Progress of your office letter No. A1 3683/2021 dated 8th September, 2021 be intimated.

iv. Total number of RTI application received by Karimba Grama Panchayat during the calendar year 2021 be intimated and so on up to 'o' items.

3. ഹർജിക്കാരൻ 20.6.2022 തീയതി മൂന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭിച്ചില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. ബിനേഷ് പി.കെ. കരിമ്പ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ.യ്ക്ക് 5.5.2022 തീയതി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 14.6.2022-ന് നൽകിയ മറുപടിയിൽ തൃപ്തനല്ലാതെയാണ് അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും സൂക്ഷ്മമായി പരിശോധിച്ചതിൽ നിന്നും വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയിരിക്കുന്നത് 14.6.2022 നാണെന്ന് കാണുന്നു എന്നും 2005-ലെ വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷയ്ക്ക് 30 ദിവസത്തിനകം മറുപടി നൽകേണ്ടതായിട്ടുണ്ട് എന്നും അപേക്ഷ 11.5.2022-ന് ലഭിച്ചുവെന്ന ഹർജിക്കാരന്റെ വാദം എസ്.പി.ഐ.ഒ. എതിർക്കാതിരുന്ന സാഹചര്യത്തിൽ മറുപടി കൊടുക്കാത്തതിൽ സമയപരിധി പാലിച്ചിട്ടില്ല എന്നും മറുപടി 14.6.2022-ന് അയച്ചു കൊടുത്തതായി രേഖകൾ പരിശോധിച്ചതിൽ നിന്നും

ബോധ്യമായിട്ടുണ്ട് എന്നുമാണ്. കൂടാതെ ഭാവിയിൽ ഇത്തരം വീഴ്ച ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകിയും മറുപടി അയച്ചതായി പഞ്ചായത്തിലെ രേഖകളിൽ കാണുന്നുണ്ടെങ്കിലും മറുപടി വൈകിയാണ് ലഭിച്ചത് എന്ന അപ്പീൽവാദിയുടെ ആക്ഷേപം കണക്കിലെടുത്തും വിവരാവകാശ നിയമപ്രകാരം നൽകിയ ടി അപേക്ഷയുടെ മറുപടി ആവശ്യപ്പെട്ടതിനാലും മറുപടിയുടെ ശരിപ്പകർപ്പ് ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി ഹർജിക്കാരന് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 26.10.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ബിനേഷ് പി.കെ. യുടെ അപേക്ഷ 13.5.2022–ന് ഫ്രണ്ട് ഓഫീസിൽ ഇൻവേർഡ് ചെയ്തിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ഫീസായ 10/– രൂപ 5.5.2022 തീയതിയിലെ 624190 നമ്പർ ചെക്കായി അപേക്ഷയോടൊപ്പം അയച്ചിരുന്നു എന്നും കേരള വിവരാവകാശ ചട്ടങ്ങൾ 2005 പ്രകാരം ചെക്ക് ഫീസ് അടവാക്കാനുള്ള മാർഗ്ഗമായി നിർദ്ദേശിച്ചിട്ടില്ലെങ്കിലും പഞ്ചായത്ത് ഓഫീസിൽ ചെക്ക് രസീതി നൽകി സ്വീകരിക്കാനാവും എന്നതിനാലും അപേക്ഷകന് വിവരം അറിയുന്നതിനുള്ള അവകാശം സംരക്ഷിക്കുക എന്ന ലക്ഷ്യവും മുൻനിർത്തി അപേക്ഷയും 13.5.2022–ലെ 1220100542 നമ്പർ രസീത് പ്രകാരം ടി ചെക്കും സ്വീകരിച്ചിട്ടുണ്ട്. 14.5.2022, 15.5.2022 അവധി ദിവസങ്ങളായതിനാൽ 16.5.2022–ന് കളക്ഷന് നൽകി ആയത് കളക്ഷനായിട്ടുള്ളത് 24.5.2022 തീയതിയിലാകയാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയോടൊപ്പം ചെക്ക് രൂപത്തിലാണ് ഫീസ് അടവാക്കിയതെന്നും ടി തുക കളക്ഷനായി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി അപേക്ഷയ്ക്ക് പ്രാബല്യം വരുന്നുള്ളു എന്നത് പരിഗണിച്ച് 24.6.2022 വരെ സമയം ലഭിക്കുന്നുണ്ടെന്നും ആയതിനാൽ 14.6.2022–ന് തന്നെ മറുപടി നൽകിയിട്ടുമുണ്ട്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ടി ഓഫീസിൽ നിന്നും നൽകി വരുന്നുണ്ടെന്നും ആയതിനാൽ തുടർനടപടികൾ ഒന്നും സ്വീകരിക്കരുതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന അപേക്ഷയിൻമേൽ പരാതിക്കാരന് മറുപടി നൽകുന്നതിന് 30 ദിവസം വരെ കാത്തിരിക്കേണ്ടതില്ലെന്നും, വിവരാവകാശ നിയമ നടപടികളെ കുറിച്ച് നല്ലവണ്ണം പരിജ്ഞാനം ഉണ്ടായിരിക്കണമെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതേസമയം വിവരാവകാശ അപേക്ഷയ്ക്കുള്ള ഫീസ് വിവരാവകാശ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള കോർട്ട് ഫീ സ്റ്റാമ്പ്, ഡി.ഡി.,

എന്നിവയ്ക്ക് പകരം ചെക്ക് ഫീ ആയി സമർപ്പിച്ചതാണ് ഹർജിക്കാരന് മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമായതെന്നാണ് ഒന്നാം എതിർകക്ഷിയുടെ വാദം. എന്നാൽ മറുപടി നൽകുന്നതിന് കാലതാമസം വരുത്തിയതിന് ആയത് ഒരു ന്യായീകരണമല്ല. മേലിൽ ഇത്തരം കാലതാമസം വരുത്തരുതെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയെ താക്കീത് ചെയ്യുന്നു. ഭാവിയിൽ വിവരാവകാശ അപേക്ഷകൾ സമർപ്പിക്കുമ്പോൾ വിവരാവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഫീസ് ഒടുക്കി അപേക്ഷകൾ സമർപ്പിക്കാൻ ഹർജിക്കാരനോട് കമ്മീഷൻ നിർദ്ദേശിക്കുന്നതോടൊപ്പം ഡെസ്പാച്ച് രസീതുകൾ പോലുള്ള റിക്കാർഡുകൾ സൂക്ഷിക്കുന്നതിൽ വളരെയധികം ശ്രദ്ധ ചെലുത്തണമെന്ന് കമ്മീഷൻ എതിർകക്ഷികളോടും നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ജനുവരി മാസം 12-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി